# യൂറോപ്യൻ കൗൺസിൽ പ്രസിഡന്റുമായും യൂറോപ്യൻ കമ്മീഷൻ പ്രസിഡന്റുമായും പ്രധാനമന്ത്രിയുടെ കൂടിക്കാഴ്ച

സെപ്റ്റംബർ 10, 2023

പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി 2023 സെപ്റ്റംബർ 10 ന് ന്യൂഡൽഹിയിൽ നടന്ന ജി 20 ഉച്ചകോടിയുടെ ഭാഗമായി യൂറോപ്യൻ കൗൺസിൽ പ്രസിഡന്റ് ചാൾസ് മിഷേൽ, യൂറോപ്യൻ കമ്മീഷൻ പ്രസിഡന്റ് ശ്രീമതി ഉർസുല വോൺ ഡെർ ലെയ്ൻ എന്നിവരുമായി കൂടിക്കാഴ്ച നടത്തി.

ഇന്ത്യയുടെ ജി20 പ്രസിഡൻസിയുടെ വിജയത്തിൽ രണ്ട് സന്ദർശകരും പ്രധാനമന്ത്രിയെ അഭിനന്ദിച്ചു.

അടുത്ത ഇന്ത്യ - യൂറോപ്യൻ യൂണിയൻ ഉച്ചകോടി കേന്ദ്രീകരിച്ചു നടന്ന ചർച്ചകളിൽ, നിലവിലെ സ്വതന്ത്ര വ്യാപാര ഉടമ്പടി, കാലാവസ്ഥാ വ്യതിയാനവും ലൈഫ്, ഡിജിറ്റൽ സാങ്കേതികവിദ്യ, ട്രേഡ് ആൻഡ് ടെക്നോളജി കൗൺസിൽ (ടിടിസി) എന്നിവയുൾപ്പെടെ വിവിധ വശങ്ങളെ കുറിച്ച് ചർച്ചകൾ നടന്നു..

2023 സെപ്തംബർ 9-ന് ആരംഭിച്ച ഇന്ത്യ-മിഡിൽ ഈസ്റ്റ്-യൂറോപ്പ് സാമ്പത്തിക ഇടനാഴിയെക്കുറിച്ചും നേതാക്കൾ ചർച്ച ചെയ്തു. ഇടനാഴി വേഗത്തിൽ നടപ്പാക്കണമെന്ന് അവർ അഭിപ്രായപ്പെട്ടു. ഇടനാഴി ശൃംഖലയുടെ കീഴിലുള്ള സോളാർ പദ്ധതികളുടെ സാധ്യതകളും പ്രധാനമന്ത്രി എടുത്തുപറഞ്ഞു.

**ന്യൂഡൽഹി**
**സെപ്റ്റംബർ 10, 2023**